# Pallikoodam Times

### " നിറങ്ങളേ പാടൂ"

നിറങ്ങളേ പാടൂ കളമിതിലെഴുതിയ
ദിവ്യാനുരാഗ സ്വരമയലഹരിതൻ
ലയഭരവാസന്ത നിറങ്ങളേ പാടൂ...

കാവാലത്തിന്റെ രചനയിൽ രവീന്ദ്രൻ മാഷ് സംഗീതം നൽകി യേശുദാസ് ആലപിച്ച ഈ ഗാനം നമ്മളെ നിറങ്ങളുടെ ലോകത്തേക്കാണ് കൂട്ടികൊണ്ടു പോകുന്നത്. നിറങ്ങളെ കൂട്ടിച്ചേർത്തിണക്കാനുള്ള പ്രകൃതിയുടെ കഴിവ് നമുക്കേവർക്കും സുപരിചിതമാണ്. പ്രകൃതി നമ്മൾക്ക് തിരിച്ചുവരവിന്റെ ഒരു പ്രതീകം കൂടെ ആണ്. ഒരു ഫിനിക്സ് പക്ഷി അഗ്നിജ്വാലയിൽ നിന്നും പറന്നുയരുന്ന പോലെ, ഏത് കടുത്ത ക്ഷോഭത്തിൽ നിന്നും വീണ്ടും ഹരിതവും ഫലഭൂയിഷ്ഠവും ആയിത്തീരുവാൻ പ്രകൃതിക്ക് കഴിയുന്നു.

ഈ കഴിഞ്ഞ കുറെ മാസങ്ങളിൽ എല്ലാവർക്കും പല രീതിയിൽ, പ്രത്യക്ഷവും പരോക്ഷവുമായ ബുദ്ധിമുട്ടുകൾ അനുഭവപെട്ടിട്ടുണ്ടാകാം. ഈ പ്രതിസന്ധിയുടെ സമയങ്ങളിൽ അതിനെ നേരിടാനും അതിജീവിക്കാനും നമ്മൾ എല്ലാവരും ശ്രമിക്കണം. സഹജീവികളോട് ഇടപഴകിയും സഹകരിച്ചും ജീവിക്കാൻ ഈ സാഹചര്യങ്ങൾ നമ്മളെ കൂടുതൽ പര്യാപ്തരാക്കി എന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു.

ഇങ്ങനെയുള്ള അവസരത്തിൽ പള്ളിക്കൂടം നല്ല രീതിയിൽ കൊണ്ടു പോകാനും, ക്ലാസുകൾ കൃത്യമായി നടക്കാനും ഏറെ പരിശ്രമിച്ച എല്ലാ ഭാരവാഹികളും പ്രത്യേകമായ പ്രശംസ അർഹിക്കുന്നു. അതുപോലെ വീട്ടിൽ നിന്ന് കുട്ടികളെ പിന്താങ്ങി പള്ളിക്കൂടത്തിന്റെ ഈ ഓൺലൈൻ സംരംഭം വിജയകരമാക്കിയതിനു എല്ലാ രക്ഷിതാക്കൾക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!

എല്ലാവർക്കും ഫിനിക്സ് പക്ഷിയെ പോലെ തങ്ങളുടെ ബുദ്ധിമുട്ടുകൾ തരണം ചെയ്തു ഉയരങ്ങളിലേക്ക് പറന്നുയരാൻ സാധിക്കട്ടെ. ഈ വസന്തകാലം എല്ലാവര്ക്കും വർണശബളവും സന്തോഷവും നിറഞ്ഞ നിറക്കൂട്ടുകൾ ആശംസിക്കുന്നു. അതുപോലെ വരാൻ പോകുന്ന വർഷം എല്ലാവര്ക്കും വിജയത്തിന്റെയും ആഹ്ളാദത്തിന്റെയും ആവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*Sreehari Nambiar*
*Editorial team*
Pallikoodam Times

Established in 2018,
Accredited with Department of Education, NSW.
Member of NSW Federation of Community Language Schools.

YouTube
Pallikoodam NSW
[redacted]

### *What's Inside*

* Meet our teachers
* Articles
- അമ്മ
- Gamification
- Text Book release
* Announcements
* Kids Kaleidoscope
- Drawings/Paintings
- The winners
- മൃഗശാലയിലെ എന്റെ അവധിക്കാലം
* 2020 get-together
* Annual Day
* Fun corner
- കടംകഥകൾ
- പദപ്രശ്നം
- പഴഞ്ചൊല്ലുകളും അർത്ഥങ്ങളും

**Editorial Team**
Sreehari Nambiar
Dr. Ali Parappil
Suhara Faisal
Dr. Rafeena Kidavintavida
Mohammed Hashim
Mohsin Aboobacker

Copyrights @ Pallikoodam

## Meet our Teachers

*Principal*
**Najiha Basheer**

*Vice principal*
**Fathima Latheef**

### Permanent Teachers

*Level 1*
**Suhara Faisal**



*Level 1*
**Seena Kunhi**



*Level 2*
**Chinnu Gopkumar**



*Level 2*
**Najiha Basheer**



*Level 3*
**Shifla Madari**



*Level 3*
**Fathima Latheef**



*Level 4*
**Rafeena Kidavintavida**



*Level 4*
**Vipina Nithin**



### Casual Teachers

**On maternity leave*
***Bincy Basil**



**Anoopa Velayudhan**



**Ramzi Rahoof**



**Afshan Koya**



**Sunaina Aslam**



**Jisni Abdurahman**



**Sreehari Nambiar**



**Arjun Ramesh Sindhu**





From this year we have started Level 5 for those who are interested in:

- *A Crash course for visiting Kerala and learn Malayalam for essential communication.*
- *Learning language to converse with relatives in Kerala (esp. grandparents).*
- *To those who have completed Y12 and interested in learning advanced Malayalam or sharpening their language skills.*

We have Mr. Nazeeb as the dedicated teacher. *Please contact the team for further information*.

Copyrights @ Pallikoodam

## അമ്മ

മഴയിലൊരു കുട പോലെ
വെയിലിലൊരു കുളിർ കാറ്റു പോലെ
മഞ്ഞിലൊരു ചൂടു കനൽ പോലെ
മരുഭൂവിലൊരു മരുപ്പച്ച പോലെ
ഉഷസ്സിലൊരു കിളിയൊച്ച പോലെ
അമ്മ തൻ ചിരി ഒരു ചാരുചിത്രം പോലെ

കാലമിത്ര കഴിഞ്ഞിട്ടും
കണിക്കൊന്ന എത്ര പൂത്തുകൊഴിഞ്ഞിട്ടും
തൊടിയിലെ തൈകൾ മാമരങ്ങളായി വളർന്നിട്ടും
അമ്മയിന്നും മങ്ങാത്തൊരോർമ പോലെ
നടുമുറ്റത്തൊരു കുടമുല്ല പോലെ
കനവിലൊരു കളിവാക്കു പോലെ
ഇരുളിലൊരു മണിവിളക്കു പോലെ
കവിളിലൊരുമ്മ പോലെ

*പ്രൊഫ. എ. എസ്. എം. സജീവ്*

Glimpses of the fun our children have during the online class sessions.




Copyrights @ Pallikoodam

## Gamification - ഗെയിം അധിഷ്ഠിത പഠനം

2021 അധ്യയന വർഷം മുതൽ ഗെയിം ബേസ്ഡ് ലേണിംഗ് (ജി.ബി.എൽ.) പള്ളിക്കൂടത്തിലെ വിദ്യാർത്ഥികൾക്കായി അവതരിപ്പിക്കുവാൻ നാം ഒരുങ്ങുകയാണ്. വിദ്യാർത്ഥികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ആത്മവിശ്വാസം വളർത്തുന്നതിനുമുള്ള ഒരു പുതിയ രീതിയാണു ജി. ബി. എൽ.

ഗെയിം അധിഷ്ഠിത പഠനം സമീപകാലത്ത് വിദ്യാഭ്യാസ മേഖലയിൽ വളരെയധികം ശ്രദ്ധ നേടിയിട്ടുണ്ട്. എന്നിരുന്നാലും, "കളിക്കുന്നതും" "കളിക്കുന്നതിലൂടെ പഠിക്കുന്നതും" തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് നാമെല്ലാവരും അറിഞ്ഞിരിക്കണം. ഈ നൂതന പഠനരീതി നമ്മുടെ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനായി ഡോ. ഷകീറിന്റെ സേവനം പള്ളിക്കൂടത്തിന് ലഭ്യമായിട്ടുണ്ടെന്ന വിവരം നിങ്ങളെ സന്തോഷപൂർവമറിയിക്കുന്നു. അദ്ദേഹം ഈ രംഗത്ത് വിദഗ്ദ്ധമായ അറിവുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ സേവനം നമുക്ക് വളരെയധികം പ്രയോജനപ്പെടുന്നതാണ്.

ഗെയിം അധിഷ്ഠിത പഠനം 1800-ൽ ഫ്രീഡ്രിക്ക് ഫ്രെബൽസ് ആണ് കണ്ടു പിടിച്ചത്. കുട്ടികളുടെ സ്വതന്ത്രമായ ചലനത്തിന്റെ ശക്തി പ്രയോഗിക്കുകയും വികസിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഗെയിം അടിസ്ഥാനമാക്കിയുള്ള പഠനത്തിന് പിന്നിലെ പ്രധാന ആശയം ആവർത്തനം, പരാജയം, ലക്ഷ്യങ്ങളുടെ നേട്ടം എന്നിവയിലൂടെ പഠിപ്പിക്കുക എന്നതാണ്. വീഡിയോ ഗെയിമുകൾ ഈ തത്വത്തിലാണ് നിർമ്മിച്ചിരിക്കുന്നത്. ഏറ്റവും പ്രയാസകരമായ ലെവലുകൾ സമർത്ഥമായി നാവിഗേറ്റു ചെയ്യാൻ കഴിയുന്നതുവരെ കളിക്കാരൻ സാവധാനത്തിൽ ആരംഭിക്കുകയും നൈപുണ്യം നേടുകയും ചെയ്യുന്നു.

വിദ്യാർത്ഥികൾ ഒരു ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നു, പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുകയും ആ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. കാര്യങ്ങൾ ചെയ്യാനുള്ള ശരിയായ മാർഗം അവർ സജീവമായി പഠിക്കുകയും പരിശീലിക്കുകയും ചെയ്യുന്നു. നിഷ്ക്രിയ പഠനത്തിനുപകരം സജീവമായ പഠനമാണ് ഇതിന്റെ ഫലം.

ഗെയിം അധിഷ്ഠിത പഠനം വിദ്യാർത്ഥികൾക്ക് പരാജയം അല്ലെങ്കിൽ മോശം ഗ്രേഡുകൾ ഭയപ്പെടാതെ പുതിയ ഗവേഷണ കഴിവുകൾ പരീക്ഷിക്കാൻ അവസരം നൽകുന്നു. വിദ്യാർത്ഥികളുടെ ഇടപഴകൽ വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾക്കും ഇത് വഴിയൊരുക്കുന്നു.

ഗെയിം അധിഷ്ഠിത പഠനത്തിന്റെ പ്രയോജനങ്ങൾ

- വിദ്യാർത്ഥി കേന്ദ്രീകൃത പഠനം.
- വിദ്യാർത്ഥികൾ കൂടുതൽ ആസ്വദിച്ചു പഠിക്കുന്നു
- കഴിവുകളുടെ വികസനത്തിലൂടെ സാമൂഹിക-വൈകാരിക വളർച്ച.
- വിദ്യാർത്ഥികൾ ആജീവനാന്ത പഠന കഴിവുകൾ വികസിപ്പിക്കുന്നു.
- വിദ്യാർത്ഥി അഭിപ്രായത്തിന് പ്രാധാന്യം

കൂടുതൽ ആസ്വാദ്യകരവും രസകരവുമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നമുക്ക് മലയാളം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം.

എന്ന്

പള്ളിക്കൂടം മാനേജ്മെന്റ് കമ്മിറ്റി

Copyrights @ Pallikoodam

## Level-1 Text Book release

Pallikoodam book committee released textbooks and workbooks for level-1. It's a project undertaken with partial funding from Dept. of Education, NSW and administered by the NSW Community Language Schools Program.












Copyrights @ Pallikoodam








ഉള്ളടക്കം

| ക്രമ നമ്പർ | പാഠത്തിന്റെ പേര് | പേജ് |
|---|---|---|
| 01 | ഞാൻ | 1 - 11 |
| 02 | എന്റെ വീട് | 12 - 18 |
| 03 | എന്റെ ചുറ്റും | 19 - 28 |
| 04 | എന്റെ പള്ളിക്കൂടം | 29 - 40 |
| 05 | എന്റെ ദിനങ്ങൾ | 41 - 51 |
| 06 | എന്റെ തറവാട് | 52 - 63 |
| 07 | എന്റെ ഡയറി | 64 - 73 |
| 08 | എന്റെ കൊച്ചു കൂട്ടുകാരൻ | 74 - 83 |

## Announcements

**Awards**

Future Awards and Recognitions

1. "New Teacher Award" nomination (NSW state level, Yearly)
2. Best attendee award (all levels) (School level, Yearly)
3. Best Academic award (all levels) (School level, Yearly)

പള്ളിക്കൂടത്തിന്റെ സ്വന്തം വെബ്സൈറ്റ് അണിയറയിൽ ഒരുങ്ങികൊണ്ടിരിക്കുകയാണെന്നുള്ള വിവരം സന്തോഷപൂർവം എല്ലാവരെയും അറിയിക്കുന്നു. പള്ളിക്കൂടത്തിന്റെ യുട്യൂബ് ചാനൽ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. സബ്സ്ക്രൈബ് ചെയ്യുവാനും ലൈക് ബട്ടൺ അമർത്തുവാനും ഓർമിക്കുക.

YouTube link

**Creative kids Voucher**

The NSW Government is helping kids get creative with the new Creative Kids program. Parents, guardians and carers can apply for a voucher with a value of up to $100 per calendar year for each student aged 4.5 to 18 years old enrolled in school. The voucher may be used with a registered activity provider for registration, participation and tuition costs for creative arts, speech, drama, dance, digital design, coding, and music lessons and activities. The voucher can be used at any time during the calendar year it was issued. To use the voucher, give the details to your registered activity provider. The program runs year-round, so kids can get creative at any time. (Extracted from the website).For more info and applying for the creative kids voucher, https://www.service.nsw.gov.au/transaction/apply-creative-kids-voucher

Copyrights @ Pallikoodam

## Kid's Kaleidoscope

**Alhan Aisha**



Copyrights @ Pallikoodam

**Faiha**



Copyrights @ Pallikoodam

**Fathiha**



**Shahzain Sarfraz**



Copyrights @ Pallikoodam

**Eva Mohsin**



**Ameena Aniz**



Copyrights @ Pallikoodam

**Navdev Nithin**



**Fevin Mohammed**



Copyrights @ Pallikoodam

## The winners

*Painting/Drawing competition*:

🏆 **Alhan Aisha** 🏆

🏆 **Faiha Abdurahiman** 🏆

🏆 **Fathiha Abdurahiman** 🏆

## Attendance award winners – 2020

**Faizeen Anas & Ameena Aniz**



## 💐💐Congratulations to the Winners💐💐

## <u>മൃഗശാലയിലെ എന്റെ അവധിക്കാലം</u>

മൃഗശാലയിലെ എന്റെ അവധിക്കാലം മികച്ചതായിരുന്നു. ഞാൻ ഒരുപാട് മൃഗങ്ങളെ കണ്ടു. ഞാൻ, അച്ഛൻ, അമ്മ, ചെറിയ സഹോദരി, ചെറിയ സഹോദരൻ, ചെറിയ കുഞ്ഞ് സഹോദരൻ എന്നിവരോടൊപ്പം പോയി.

ചിമ്പാൻസികൾ, ചിലന്തി, കുരങ്ങുകൾ, കടുവ, ബബൂൺ, ചീറ്റ, സിംഹം, ജിറാഫ്, സീബ്ര, ഒട്ടകപ്പക്ഷി, ഹേ്യന, ആന, എരുമ, ആഫ്രിക്കൻ പെയിന്റ് ഡോഗ്, റെഡ് പാണ്ട, എമു, ടാസ്മാനിയൻ ഡെവിൾ, പൈത്തൺസ്, തവളകൾ, കംഗാരുക്കൾ, വാലാബികൾ എന്നിവയായിരുന്നു ഞങ്ങൾ കണ്ടത്. വ്യത്യസ്ത തരം മീനുകളും ഞങ്ങൾ കണ്ടു.

ഇതിനേക്കാൾ കൂടുതൽ മൃഗങ്ങൾ ഉണ്ടായിരുന്നു. കൂടുതൽ മൃഗങ്ങളെ കണ്ട ശേഷം ഞങ്ങൾ വിശ്രമിച്ചു ഭക്ഷണം കഴിച്ചു. ഞങ്ങൾ ബിരിയാണിയാണ് കഴിച്ചത്. മധുരപലഹാരത്തിനായി ഞങ്ങൾ ഒരു ഐസ് ബ്ലോക്ക് കഴിച്ചു. എന്റെ ചെറിയ കുഞ്ഞ് സഹോദരന്റെ ഐസ് ബ്ലോക്ക് നിലത്തു വീണു, അതിനാൽ ഞാൻ എന്റേത് നൽകി. പങ്കിട്ടതിന് എനിക്ക് വീട്ടിൽ വച്ച് ഒരു ഐസ്ക്രീം ലഭിക്കും.

ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ വളരെ ക്ഷീണിച്ചിരുന്നു, ഉടനെ ഉറങ്ങാൻ പോയി. അടുത്ത ദിവസം എനിക്ക് വാഗ്ദാനം ചെയ്ത ഐസ്ക്രീം ലഭിച്ചു.

Fathiha Abdurahiman

Copyrights @ Pallikoodam

**Parent Teacher get-together 2020**





















Copyrights @ Pallikoodam





Copyrights @ Pallikoodam










Copyrights @ Pallikoodam

## Annual Day




Copyrights @ Pallikoodam

## Fun corner

രക്ഷിതാക്കളുടെ ശ്രദ്ധക് :
ഈ കടംകഥകൾ കുട്ടികൾക്ക് വായിച്ചു കൊടുക്കുക

ഭാഷയിലെ അക്ഷരാഡംബരം തന്നെയാണു കടംകഥകൾ. സർഗാത്മകതയുടെ അനന്തസാധ്യതകളിലേക്കുള്ള ഒരു ചൂണ്ടുപലക കൂടിയാണ് ഇവ. മധുര, മനോഹര, മനോജ്ഞമായ കുട്ടി മനസ്സിലെ നൈസർഗികപ്രവാഹത്തിന് നേർച്ചാൽ ഒരുക്കാൻ സഹായിക്കുന്ന-വയാണു കടംകഥകൾ. ഇനി ഏതാനും രസകരമായ കടം കഥകൾ കേൾക്കൂ.

ഒന്ന് ചിരിക്കു!

**കോട്ടയം കാരൻ: കുറ്റിപ്പുറത്ത് വന്നാ ഫാരതപ്പുഴ കാണാമോ?**

**മലപ്പുറം കാരൻ: ഫാരത അല്ല, ...ഭാ... ഭാരത... ഭാരത പൊയ..**

| | |
|---|---|
| ആയിരം മക്കളെപ്പെറ്റിട്ടു, അമ്മയ്ക്കു ഒരാളേയും പോറ്റുവാൻ കിട്ടിയില്ല. പെററു വീഴുമ്പോഴെ താടി നരച്ചതു, കുട്ടികളോരോവഴിക്കു പോകും. | അപ്പൂപ്പൻ താടി |
| ചുടുന്നതില്ലീ ചെറു തീയിതൊന്നുമേ, കെടുന്നതില്ലീ മഴയത്തു പോലുമേ. | മിന്നാമിനുങ്ങ് |
| വീശാമിരിക്കാം കുടയായ്പ്പിടിക്കാം മേശപ്പുറത്തങ്ങഴകോടു വയ്ക്കാം നായെത്തടുക്കാമിനി വേണ്ടി വന്നാൽ കാശിക്കു പോകാനൊരു പാത്രമാക്കാം. | പാള വിശറി |
| അവയവത്തിന്റെ പേരിൽ തുടങ്ങുന്ന ജോലിയേതു പറയുവാൻ നിങ്ങൾക്കാമോ വിരുതന്മാരേ. | കൈത്തറി |
| ഒരു കുറ്റിയിൽ നിന്നു വാൽ നക്ഷത്രങ്ങൾ ആകാശം നോക്കി പൊങ്ങിയുർന്നുതാണു വീണു. | പൂക്കുറ്റി |
| അടിക്കാൻ കാലുകളേറേ, പിടിക്കാൻ കൈകൾ രണ്ട്, വലയിൽ പെട്ടാൽ ആർപ്പുവിളി, ഇല്ലെങ്കിൽ കൂക്കിവിളി. | ഫുട്ബോൾ (Soccer) |
| കാല് മണ്ണിൽ തല ആകാശത്തിൽ, തലയിലെ വേര് അങ്ങിങ്ങ്. | ഇലക്ട്രിക് പോസ്റ്റ് |
| കല്ലല്ല, കലിന്റെ കഷണമല്ല, എന്നിട്ടും പേരു പറഞ്ഞങ്ങിനെയായി. | കൽക്കണ്ടം |

Copyrights @ Pallikoodam

## പദപ്രശ്നം [This crossword is a mix of malayalam and english questions, **all answers are in English**]




Across

1. വെള്ളം തണുത്തുറയുമ്പോൾ ഇതായി മാറും
2. ഈ പാർട്ടിയുടെ നേതാവായിരുന്നു അഡോൾഫ് ഹിറ്റ്ലർ
5. Mark Zuckerberg found this company
9. ചെസ്സിലെ കരുക്കളിൽ ഏറ്റവും ചെറുത്
10. Army lead by Subash Chandra Bose
11. This war turned King Ashoka to turn a buddhist

Down

1. അന്താരാഷ്ട്ര നാണയ നിധി ഈ ചുരുക്ക പേരിലാണ് അറിയപ്പെടുന്നത്
3. മൃഗങ്ങളെ കൂട്ടിലിട്ടു പ്രദർശിപ്പിക്കുന്ന സ്ഥലം
4. Lion = Den; Dog = ?
6. America shares this state with Russia
7. ഇത് അരിയുമ്പോൾ തനിയെ കരയും
8. Iconic Australian bear
9. present tense of “went”



ANSWERS

## പഴഞ്ചൊല്ലുകളും - അർത്ഥങ്ങളും

1. അടി തെറ്റിയാൽ ആനയും വീഴും – നില തെറ്റിയാൽ ഏതു വമ്പനും വീഴും. ചുവടു പിഴയ്ക്കാതെ പോവുക തന്നെയാണു പ്രധാനം.
2. ഉപ്പു തിന്നവൻ വെള്ളം കുടിക്കും – തെറ്റ് ചെയ്താൽ ശിക്ഷ ഉറപ്പാണ് എന്ന് ഈ പഴഞ്ചൊൽ സൂചിപ്പിക്കുന്നു.
3. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം – ഒരുമയുണ്ടെങ്കിൽ അസാധ്യമായി ഒന്നുമില്ലെന്നതാണ് ഇവിടുത്തെ സൂചന.
4. എച്ചുകെട്ടിയാൽ മുഴച്ചിരിക്കും – ചേരാത്തതിനെ ചേർക്കുന്നതിൽ ഔചിത്യമില്ല.
5. ഗതികെട്ടാൽ പുലി പുല്ലും തിന്നും – നില്ക്കക്കള്ളി ഇല്ലാതായാൽ പിന്നെ എന്തും ചെയ്യും.
6. ചുമരുണ്ടെങ്കിലേ ചിത്രമുള്ളൂ – കാര്യകാരണങ്ങൾ വേണം. പശ്ചാത്തലമില്ലെങ്കിൽ, അടിസ്ഥാനമില്ലെങ്കിൽ പിന്നെ കാര്യമെന്ത്?
7. പൊന്നുരച്ചു നോക്കണം, ആളടുത്തു നോക്കണം – സ്വർണത്തിന്റെ മാറ്റ് ഉരച്ചു നോക്കിയാലേ മനസ്സിലാവൂ, ആളുകളുമായി നിരന്തരം സമ്പർക്കമുണ്ടായാലേ ഗുണദോഷങ്ങൾ കണ്ടെത്താനാവൂ.

Kindly give us your valuable feedback. It would help us to improve. We also invite article for the future newsletters.
Please write to pallikoodam.madhurammalayalam@gmail.com

Copyrights @ Pallikoodam